ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) ഇല്ല.

നിയമങ്ങളുടെ സാമ്യത

*ശ്രീ. (80) ശ്രീ. വി. കെ. വറുഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

നമ്മുടെ സ്റ്റേറ്റിലെ കൊച്ചി ഡിവിഷനിലും തിരുവിതാംകൂർ ഡിവിഷനിലും സിവിലും ക്രിമിനലും നിയമങ്ങൾ ഒരുപോലെയാണോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

അല്ല. ഇവയിൽ ഉൾക്കൊണ്ടിട്ടുള്ള തത്വങ്ങൾ ഒരുപോലെ ആണെങ്കിലും അല്പാല്പം വ്യത്യാസങ്ങൾ ഉണ്ട്. രണ്ടു പ്രദേശങ്ങളിലും വെവ്വേറെ നടപ്പിലുള്ള നിയമങ്ങൾ ഏകീകരിച്ചുവരികയാണ്.

വർഗ്ഗീയ വിദ്വേഷപ്രസംഗങ്ങൾ

*ശ്രീ. (81) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) വർഗ്ഗീയ വിദ്വേഷം ഉണ്ടാകുന്ന പ്രസംഗങ്ങൾ സ്റ്റേറ്റിന്റെ പല ഭാഗങ്ങളിലും ചില നേതാക്കന്മാർ നടത്തുന്നതായി ഗവണ്മെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ആരുടെയെങ്കിലും പേരിൽ നടപടി നടത്തിയിട്ടുണ്ടോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ചിലപ്പോൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ഇതുവരെ നടപടി നടത്തിയിട്ടില്ല.

ക്ഷേത്രാക്രമണം

*ശ്രീ. (82) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ശബരിമലക്ഷേത്രത്തിലും ക്ഷേത്രസങ്കേതങ്ങളിലും പ്രവേശിച്ച് അനാശാസ്യനടപടികൾ നടത്തിയതിനു ഫെൻ 80-ന് മുൻപ് ആരെയെങ്കിലും എപ്പോഴെങ്കിലും അറസ്റ്റു ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ ആളിന്റെ പേരും, സമുദായവും, സ്ഥലവും ഭയവായി പറയുമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) പത്തുരാൻ യോഹന്നാൻ (കോടാലിസ്വാമി), കത്തോലിക്കാ കുസ്യാൻ, തലയോലപ്പറമ്പ്.

DELIMITATION COMMITTEE

*16. [55] **Sri. E. P. Poulose:** Will the Hon'ble the Chief Minister be pleased to state:—

(a) whether the report of the delimitation committee had been submitted to Government before 19th September 1950;

LIBRARY ARCHIVES Kerala Legislative Assembly